**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്**
**തിരുവനന്തപുരം -14**

വിഷയം - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - സ്ഥാപനക്കാര്യം - നൈറ്റ് വാച്ച്മാൻ ശ്രീ. സി.ജി. നിശാന്തിന് ഓഫീസ് അറ്റൻഡന്റായി തസ്തികമാറ്റം നൽകി കോട്ടയം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം - 1) കോട്ടയം ജില്ല പി.എസ്.സി ഓഫീസറുടെ 14.08.2017 - ലെ കെ III (2) 1744/2014(7) നമ്പർ കത്ത്.
2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 19.09.2017 - ലെ ഇ2-6486/2007/ഡിഐഎംഎസ് നമ്പർ ഉത്തരവ്.
3) ശ്രീ. സി.ജി.നിശാന്തിന്റെ 12.10.2017 - ലെ സമർപ്പണം.
4) വടവാതൂർ ഇ.എസ്.ഐ ഡിസ്പെൻസറി ഐ.എം.ഒ - യുടെ 07.11.2017 - ലെ 1665/2017/ഐഎംഒ/വടവാതൂർ നമ്പർ ഉത്തരവ്.

................

**ഉത്തരവ് നമ്പർ E2- 6486/2007/ഡി.ഐ.എം.എസ് തീയതി, 20.11.2017**

കോട്ടയം ജില്ല പി.എസ്.സി മുഖാന്തിരം പരാമർശം 1,2 എന്നിവ പ്രകാരം നൈറ്റ് വാച്ച്മാൻ തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീ. സി.ജി. നിശാന്ത്, തനിക്ക് കോട്ടയം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലുണ്ടാകുന്ന ഒഴിവിൽ മാറ്റം നൽകണമെന്ന് പരാമർശം 3 പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്.

കോട്ടയം ജില്ലയിൽ ഒരു ഓഫീസ് അറ്റൻഡന്റിന് മറ്റൊരു വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ചതിനെ തുടർന്ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒരു ഒഴിവുണ്ടായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം 1 പ്രകാരം കോട്ടയം ജില്ല പി.എസ്.സി ശുപാർശ ചെയ്ത് പരാമർശം 2 പ്രകാരം ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നൈറ്റ് വാച്ച്മാനായി നിയമിതനായ ശ്രീ. സി.ജി. നിശാന്തിനെ ടിയാന്റെ അപേക്ഷ പ്രകാരം മാതൃജില്ലയായ കോട്ടയത്തെ വടവാതൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് ഒഴിവിലേക്ക് തസ്തികമാറ്റം നൽകി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

പുതിയ നൈറ്റ് വാച്ച്മാൻ ഈ ഓഫീസിൽ ജോയിൻ ചെയ്യുന്ന മുറയ്ക്ക് ശ്രീ.സി.ജി. നിശാന്തിനെ വിടുതൽ ചെയ്യുന്നതാണ്.

**(ഒപ്പ്)**
**ഡോ.അജിത നായർ. ആർ**
**ഡയറക്ടർ ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്**

സ്വീകർത്താവ്
ശ്രീ. സി.ജി. നിശാന്ത്
നൈറ്റ് വാച്ച്മാൻ

പകർപ്പ്
1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണമേഖല, കൊല്ലം.
2. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി, വടവാതൂർ.
3. എല്ലാ സെക്ഷൻ സൂപ്പർവൈസർമാർക്കും.
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ സീനിയർ ഫിനാൻസ് ഓഫീസർ/ ജോയിന്റ് ഡയറക്ടർ/ ഡയറക്ടറുടെ സി.എ
5. ഫയൽ/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

ജി.എസ്/-